കേരള സർക്കാർ
കാർഷിക വികസന
കർഷക ക്ഷേമ വകുപ്പ്

# ഹരിതദളം

പുസ്തകം 22 | ലക്കം 2 | ഒക്ടോബർ 15 2023

ഫാം ഇൻഫർമേഷൻ ബ്യൂറോയുടെ ദ്വൈവാര ഇ-വാർത്ത പത്രിക

അകത്താളുകളിൽ

3 കൊപ്ര സംഭരണത്തിന് കരാർ നൽകിയത് സംബന്ധിച്ച് കൃഷിമന്ത്രി അന്വേഷണത്തിന് ഉത്തരവിട്ടു
4 കാർഷിക സർവ്വകലാശാലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം
6 എ.എൻ.ആർ.പി.സി.യുടെ വാർഷികയോഗങ്ങൾക്ക് ഗുവാഹതിയിൽ തുടക്കം

# കൃഷി വകുപ്പ് ഫാമുകളെ കാർബൺ തുലിതമാക്കും: മന്ത്രി ശ്രീ. പി പ്രസാദ്




കൃഷിവകുപ്പിലെ തെരഞ്ഞെടുക്കപ്പെട്ട 13 ഫാമുകളെ കാർബൺ തുലിത കൃഷി ഫാമുകളായി ഉയർത്തുന്നതിനുള്ള ദ്വിദിന സംസ്ഥാനതല ശില്പശാലയുടെ ഉദ്ഘാടനം കൃഷിവകുപ്പ് മന്ത്രി ശ്രീ. പി പ്രസാദ് നിർവഹിച്ചു. വിവിധ മാർഗങ്ങളിലൂടെ കാർബൺ ബഹിർഗമനം കുറക്കുക എന്ന ആശയത്തിൽ കാർബൺ തുലിതമായ ഇന്ത്യയിലെ ആദ്യ ഫാമായി ആലുവ വിത്തുല്പാദന കേന്ദ്രത്തെ ഉയർത്തുകയും തുടർന്ന് സംസ്ഥാനത്തെ 13 ഫാമുകളെ കൂടി കാർബൺ തുലിതമാക്കുവാൻ തീരുമാനിക്കുകയും ചെയ്തു. പ്രവർത്തനങ്ങൾക്ക് ഗതിവേഗം നൽകുന്നതിന്റെ ഭാഗമായാണ് ദ്വിദിന ശില്പശാല ആലുവയിൽ സംഘടിപ്പിച്ചതെന്ന് മന്ത്രി പറഞ്ഞു.

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കൃഷി വകുപ്പും ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ചുമായി ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള ധാരണപത്രം കൃഷി വകുപ്പ് ഡയറക്ടർ ശ്രീമതി. കെ എസ് അഞ്ജു ഐ എ എസും ഐ ഐ എം ആർ പ്രിൻസിപ്പൽ സയന്റിസ്റ്റ് ഡോ. ബി ദയാകർ റാവുവും ചേർന്ന് ഒപ്പുവച്ചു.

കേരളജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ച് നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തോടെ ഉല്പാദന മേഖല മുതൽ വിപണന




ചീഫ് എഡിറ്റർ - ആശ എസ്. കുമാർ
എഡിറ്റർ - ഡോ. ബിന്ദ ഹാരിയറ്റ് ഐവൻ
അസോസിയേറ്റ് എഡിറ്റർ - പ്രശാന്ത് ജി.എസ്.
അസിസ്റ്റൻറ് എഡിറ്റർ - മുഹമ്മദ് റിയാസ്

മേഖല വരെ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതും പോഷകസമൃദ്ധി മിഷന്റെ ലക്ഷ്യമാണ്. പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് കഴിയും. കൂടാതെ കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരളാഗ്രോ ബ്രാൻഡിന് കീഴിൽ വിവിധ ഓൺലൈൻ/ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കും. പ്രാദേശിക തലങ്ങളിൽ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിലൂടെയും ഗ്രാമീണ – നഗര കേന്ദ്രങ്ങളിലെ വിപണികളിൽ ചെറുധാന്യങ്ങളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ലഭ്യത ഉറപ്പ വരുത്തുന്നതിലൂടെയും വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും മൂല്യവർദ്ധനവിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കേരളത്തിൽ ചെറുധാന്യങ്ങളുടെ ലഭ്യതയും ഉപഭോഗവും വർദ്ധിപ്പിക്കാനാവുമെന്നും മന്ത്രി പറഞ്ഞു. ധാരണ പത്രം ഒപ്പ് വെച്ചതിലൂടെ ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം കൂടാതെ ബ്രാന്റിങ് എന്നീ മേഖലകൾ കൂടുതൽ കാര്യക്ഷമമാക്കാനാകും. ഈ വിഷയത്തിൽ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു.

കൃഷി വകുപ്പ് ഡയറക്ടർ ശ്രീമതി. കെ എസ് അഞ്ജു ഐഎഎസ് അധ്യക്ഷത വഹിച്ച യോഗത്തിൽ യൂണിവേഴ്സിറ്റി ഓഫ് വെസ്റ്റേൺ ആസ്ട്രേലിയ ഡയറക്ടർ ഡോ. കടമ്പോട്ട് എച്ച് എം ശ്രീ. സിദ്ദിഖ്, കാർഷിക വിലനിർണ്ണയ ബോർഡ് ചെയർമാൻ ശ്രീ. പി. രാജശേഖരൻ, കൃഷി അഡീഷണൽ ഡയറക്ടർമാരായ ശ്രീ. ജോർജ് സെബാസ്റ്റ്യൻ, ശ്രീമതി. ബീന മോൾ ആൻറണി, ശ്രീ. ലൂയിസ് മാത്യു, പ്രിൻസിപ്പൽ കൃഷി ഓഫീസർ ശ്രീമതി. ബിൻസി എബ്രഹാം തുടങ്ങിയവർ പങ്കെടുത്തു.

രണ്ട് ദിവസമായി ആലുവ പാലസിൽ വച്ച് നടക്കുന്ന ശില്പശാലയിൽ വിവിധ വിഷയങ്ങളിൽ വിദഗ്ധർ ക്ലാസുകൾ നയിക്കും.

# ചെറുധാന്യങ്ങളുടെ സാങ്കേതിക വിദ്യകൾ പ്രോത്സാഹിപ്പിക്കുന്നതിന് ഐ.ഐ.എം ആറുമായി ധാരണാപത്രം ഒപ്പുവച്ചു

കേരള ജനതയുടെ ആരോഗ്യ സംരക്ഷണത്തിന് പ്രാധാന്യം നൽകി കാർഷിക മേഖലയെ കൂടുതൽ ഫലപ്രദമാക്കുന്നതിന് പോഷകസമൃദ്ധി മിഷൻ രൂപീകരിച്ച നടപ്പിലാക്കി വരുന്നു. പോഷക സമൃദ്ധമായ സുരക്ഷിത ഭക്ഷണം എന്ന ലക്ഷ്യത്തോടെ ഉല്പാദന മേഖല മുതൽ വിപണന മേഖല വരെ സമഗ്രമായി സംയോജിപ്പിച്ചുകൊണ്ട് കർഷകരുടെ വരുമാനം വർദ്ധിപ്പിക്കുക എന്നതും പോഷകസമൃദ്ധി മിഷന്റെ ലക്ഷ്യമാണ്.

പോഷകസമൃദ്ധി മിഷന്റെ ഭാഗമായി ചെറുധാന്യങ്ങളുടെ കൃഷിയും വിളവെടുപ്പാനന്തര പരിപാലനവും ഇവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ ഉണ്ടാക്കുന്നതിനുള്ള നൂതന സാങ്കേതികവിദ്യകളും കർഷകർക്ക് ലഭ്യമാക്കുന്നതിനായി ഹൈദ്രാബാദ് ആസ്ഥാനമായി പ്രവർത്തിക്കുന്ന ICAR സ്ഥാപനമായ Indian Institute of Millet Research (IIMR) മായി കൃഷി വകുപ്പ് ഒരു ധാരണാപത്രം ഒപ്പുവെച്ചു. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മില്ലറ്റ് റിസർച്ച് കൺസൾട്ടന്റായി പ്രവർത്തിക്കുന്നതാണ്. ധാരണ പത്രം ഒപ്പ് വെച്ചതിലൂടെ ചെറുധാന്യങ്ങളുടെ സംസ്കരണം, മൂല്യവർദ്ധനവ്, വിപണനം കൂടാതെ ബ്രാന്റിങ് എന്നീ മേഖലകൾ കൂടുതൽ കാര്യക്ഷമമാക്കാനാകും.

കുടുംബങ്ങളിൽ പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിന് ചെറുധാന്യങ്ങളുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും, ഉല്പാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങൾ ശാസ്ത്രീയമായി സംസ്കരിക്കുന്നതിനും, മൂല്യവർദ്ധനവ് നടത്തുന്നതിനുമുള്ള സാഹചര്യങ്ങൾ സൃഷ്ടിക്കുക എന്നിവ ലക്ഷ്യം വയ്ക്കുന്നു. പ്രാദേശിക തലങ്ങളിൽ സംസ്കരണ യൂണിറ്റുകൾ നിർമ്മിക്കുന്നതിലൂടെയും ഗ്രാമീണ – നഗര കേന്ദ്രങ്ങളിലെ വിപണികളിൽ ചെറുധാന്യങ്ങളുടെയും മൂല്യവർദ്ധിത ഉത്പന്നങ്ങളുടെയും ലഭ്യത ഉറപ്പ വരുത്തുന്നതിലൂടെയും വിഭവ ശേഷി വർദ്ധിപ്പിക്കുന്നതിലൂടെയും മൂല്യവർദ്ധനവിന് ആവശ്യമായ സാങ്കേതിക സഹായങ്ങൾ ലഭ്യമാക്കുന്നതിലൂടെയും കേരളത്തിൽ ചെറുധാന്യങ്ങളുടെ ലഭ്യതയും ഉപഭോഗവും വർദ്ധിപ്പിക്കാനാവും.

വിളവൈവിധ്യവൽക്കരണം എന്ന സംസ്ഥാന പദ്ധതിയിൽ റാഗി, ചാമ, തിന, വരഗ്, പനിവരഗ്, മണിച്ചോളം, ബജ്റ, കുതിരവാലി എന്നീ ചെറുധാന്യ കൃഷികളുടെ വിസ്തൃതി വർദ്ധിപ്പിക്കാനും ഉല്പാദന വർദ്ധനവ് ഉണ്ടാക്കാനുമാകും. കൂടാതെ വിളവെടുപ്പാനന്തര പരിപാലനവും, മൂല്യവർദ്ധനവും, പദ്ധതിയിലുൾപ്പെടുത്തി ഒരു ചെറുധാന്യ സംസ്കരണ യൂണിറ്റ് ആലപ്പുഴ ജില്ലയിൽ സ്ഥാപിക്കുന്നു. ഈ സംസ്കരണ യൂണിറ്റിലൂടെ ചെറുധാന്യങ്ങളുടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കാനാകും.

പദ്ധതി പ്രകാരം സംസ്ഥാനത്തൊട്ടാകെ എല്ലാ ജില്ലകളിലും ചെറുധാന്യങ്ങളെ കുറിച്ച് അവബോധം സൃഷ്ടിക്കുന്നതിന് കഴിയും. കൂടാതെ കേരളത്തിൽ ഉൽപാദിപ്പിക്കപ്പെടുന്ന ചെറുധാന്യങ്ങളും അവയുടെ മൂല്യവർദ്ധിത ഉൽപ്പന്നങ്ങളും കേരളാഗ്രോ ബ്രാൻഡിന് കീഴിൽ വിവിധ ഓൺലൈൻ/ഓഫ് ലൈൻ പ്ലാറ്റ്ഫോമുകളിലൂടെ പൊതുജനങ്ങളിലേക്ക് എത്തിക്കുന്നതാണ്.

കേന്ദ്രാവിഷ്കൃത പദ്ധതിയായ രാഷ്ട്രീയ കൃഷി വികാസ് യോജന പ്രകാരം കൂടുതൽ സ്ഥലത്ത് ചെറുധാന്യ കൃഷി നടപ്പിലാക്കും. ചെറുകിട മില്ലറ്റ് സംസ്കരണ യൂണിറ്റുകൾ തുടങ്ങുന്നതിനായി സാമ്പത്തിക സഹായവും ലഭ്യമാണ്. മില്ലറ്റ് കഫേകൾ ആരംഭിക്കും. അന്താരാഷ്ട്ര ചെറുധാന്യ വർഷമായ 2023 ൽ ഇത്തരം പദ്ധതികളിലൂടെ ചെറുധാന്യങ്ങളുടെ ഉപഭോഗം വർദ്ധിപ്പിച്ച് ഏറ്റവും അനുയോജ്യവും

ആരോഗ്യകരവുമായ ഭക്ഷണം എല്ലാ വിഭാഗം ജനങ്ങളിലേക്കും എത്തിക്കുന്നതിനും പദ്ധതി ലക്ഷ്യം വയ്ക്കുന്നുണ്ട്.

കൃഷിവകുപ്പിന്റെ നേതൃത്വത്തിൽ അട്ടപ്പാടിയിൽ മില്ലറ്റ് വില്ലേജ് പദ്ധതി നടപ്പിലാക്കി വരുന്നു. ഇതിന്റെ ഭാഗമായി 742 ഹെക്ടറിൽ ജൈവ സർട്ടിഫിക്കേഷൻ ലഭിച്ചുകഴിഞ്ഞു. നിലവിൽ ചെറുധാന്യങ്ങൾ സംസ്കരിക്കുന്നതിന് സംസ്കരണ കേന്ദ്രം സ്ഥാപിച്ച് വിവിധ ഉൽപ്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നുണ്ട്. ധാരണാപത്രം ഒപ്പിടുന്നതിന്റെ ഭാഗമായി കൂടുതൽ ഉൽപ്പന്നങ്ങൾ സാങ്കേതിക സഹായത്തോടെ ഉത്പാദിപ്പിച്ച് ലഭ്യമാക്കാൻ കഴിയും.

## പോഷക സമൃദ്ധി മിഷൻ

**ന്യൂട്രിഷൻ പ്ലേറ്റ്**

പോഷക സമൃദ്ധി മിഷന്റെ ഭാഗമായി കേരളത്തിന്റെ കാർഷിക പാരിസ്ഥിതിക മേഖലയെ അടിസ്ഥാനമാക്കിയുള്ള കാർഷിക ഉത്പന്നങ്ങളുടെ ലഭ്യത ഉറപ്പാക്കി ദേശീയതലത്തിലുള്ള സ്ഥാപനങ്ങളുടെ സഹായത്തോടെ ന്യൂട്രീഷൻ പ്ലേറ്റ് തയ്യാറാക്കുന്നു.

**മില്ലറ്റ് കഫെ**

പ്രാദേശികമായി ഉത്പാദിപ്പിക്കപ്പെടുന്ന ചെറു ധാന്യങ്ങളുടെ സംഭരണം, സംസ്കരണം എന്നിവ കൃഷിവകുപ്പ് ഫാമുകൾ, കർഷക ഉത്പാദക സംഘടനകൾ എന്നിവ കേന്ദ്രീകരിച്ച് നടത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് മില്ലറ്റ് കഫേകൾ ആരംഭിക്കും.

# കൊപ്ര സംഭരണത്തിന് കരാർ നൽകിയത് സംബന്ധിച്ച് കൃഷിമന്ത്രി അന്വേഷണത്തിന് ഉത്തരവിട്ടു

വി എഫ്. പി. സി. കെ മുഖേനയുള്ള കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട് കരാർ നൽകിയ ഏജൻസി സംബന്ധിച്ച് ഉയർന്ന് വന്ന ആരോപണങ്ങൾ അന്വേഷിക്കാൻ കൃഷി മന്ത്രി ശ്രീ. പി പ്രസാദ് ഉത്തരവിട്ടു. ഏജൻസിയെ സംബന്ധിച്ച ആരോപണങ്ങൾ വിവിധ മാധ്യമങ്ങളിൽ വന്ന സാഹചര്യത്തിലാണ് അന്വേഷണത്തിന് ഉത്തരവിട്ടത്. ഏജൻസിയെ ചുമതലപ്പെടുത്തിയ നടപടികളിൽ അന്വേഷണം നടത്തി ഉടനടി റിപ്പോർട്ട് സമർപ്പിക്കുവാൻ കാർഷികോല്പാദന കമ്മീഷണറെ കൃഷി മന്ത്രി ചുമതലപ്പെടുത്തി. അത് വരെ VFPCK മുഖേനയുള്ള കൊപ്ര സംഭരണത്തിൽ ടി. ഏജൻസിയുടെ പ്രവർത്തനം നിർത്തിവെയ്ക്കാനും ബഹു: മന്ത്രി നിർദ്ദേശിച്ചു.

ഈ സീസണിൽ 50000ടൺ കൊപ്ര സംഭരിക്കുവാൻ തീരുമാനിച്ചിരുന്നു. പച്ചത്തേങ്ങയുടെ വില കുറഞ്ഞു നിൽക്കുന്ന സാഹചര്യത്തിൽ കൊപ്ര സംഭരണവുമായി ബന്ധപ്പെട്ട നടപടികൾ ഉടനടി പുരോഗമിക്കേണ്ട ആവശ്യകത നിലനിൽക്കുന്നു. ആയതിനാൽ കർഷകരിൽ നിന്നും പച്ചത്തേങ്ങ സംഭരിക്കുന്നതിനും, തുടർന്ന് കൊപ്രയാക്കുന്നതിനുള്ള നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കണമെന്ന് കൃഷിമന്ത്രി ബന്ധപ്പെട്ട അധികാരികളോട് നിർദ്ദേശിച്ചു.



# കാർഷിക സർവ്വകലാശാലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം



കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ഡോക്ടർ എം.എസ് സ്വാമിനാഥൻ അനുസ്മരണ സെമിനാറും 2023 ഒക്ടോബർ 6 ന് രാവിലെ 9.30ന് മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെൻററർ ഹാളിൽ വച്ച് നടത്തുന്നു. ബഹുമാനപ്പെട്ട റവന്യൂ മന്ത്രിയും കേരള കാർഷിക സർവകലാശാല എക്സിക്യൂട്ടീവ് കമ്മിറ്റി അംഗവുമായ അഡ്വ.കെ രാജൻ ഉദ്ഘാടനം നിർവഹിക്കുന്ന ചടങ്ങിൽ കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോക്ടർ ബി അശോക് ഐ.എ.എസ് അധ്യക്ഷത വഹിക്കും. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ഡയറക്ടർ,ഡോ. ഷക്കീല വി, ഡോ. എം.എസ്.സ്വാമിനാഥൻ അനുസ്മരണ പ്രഭാഷണം നടത്തുന്നതാണ്. ഹൈബ്രിഡ് മോഡിൽ നടത്തപ്പെടുന്ന പരിപാടിയുടെ തത്സമയ സംപ്രേക്ഷണം സർവ്വകലാശാല യു ട്യൂബ് പേജിൽ ഉണ്ടായിരിക്കുന്നതാണ്.

### ചടങ്ങിൽ ഉദ്ഘാടനം നിർവഹിക്കപ്പെടുന്ന പദ്ധതികൾ

**റെക്കോർഡിങ് ആൻഡ് എഡിറ്റിംഗ് സ്റ്റുഡിയോ ഉദ്ഘാടനം**

കാർഷിക രംഗത്തെ നവീന ആശയങ്ങൾ കർഷകരിലേക്ക് എത്തിക്കുന്ന ലക്ഷ്യമിട്ട് അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെൻറർ മണ്ണുത്തിയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ സൗണ്ട് റെക്കോർഡിങ്ങും സാങ്കേതിക തികവോടുകൂടിയ വീഡിയോ നിർമാണവും സാധ്യമാക്കുന്നതിനു വേണ്ട ഷൂട്ടിംഗ് ഫ്ലോർ കം ഇൻട്രാക്ഷൻ ഹാൾ അടങ്ങിയ റെക്കോർഡിങ് ആൻഡ് എഡിറ്റിംഗ് സ്റ്റുഡിയോയുടെ ഉദ്ഘാടനം.

**നവീകരിച്ച ഭക്ഷ്യ സംസ്കരണ യൂണിറ്റ് ഉദ്ഘാടനം**

കാർഷിക വിളകളുടെ മൂല്യവർദ്ധനം ലക്ഷ്യമിട്ട് കമ്മ്യൂണിക്കേഷൻ സെന്ററിൽ പ്രവർത്തിച്ചു വരുന്ന ഭക്ഷ്യ സംസ്കരണ യൂണിറ്റ് കൂടുതൽ വിളകൾ ഒരേ സമയം സംസ്കരിക്കുന്നതിനു കൂടുതൽ ഡ്രയറുകളും പൾവറൈസറുകളും മറ്റു ആധുനിക യന്ത്രങ്ങളും ഉൾപ്പെടുത്തി നവീകരിച്ചിച്ചിട്ടുണ്ട്.മിതമായ ചിലവിൽ കാർഷിക വിളകൾ ഗുണനിലവാരമുള്ള മൂല്യ വർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്നതിന് ഇത് സഹായിക്കും.

**5 കെ വി സൗരോർജ് പ്ലാൻറ് ഉദ്ഘാടനം**

ഹരിത ഊർജ്ജ ഉൽപാദനം വഴി കാർഷിക സർവകലാശാലയെ ഊർജ്ജ സ്വയം പര്യാപ്തമാക്കുന്നതിനും അധികവൈദ്യുതി ഗ്രിഡിൽ നൽകി വരുമാനം നേടുന്നതും ലക്ഷ്യമിട്ട് സ്ഥാപിക്കപ്പെടുന്ന സൗരോർജ പ്ലാന്റുകളിലെ ആദ്യത്തേതായ കമ്മ്യൂണിക്കേഷൻ സെൻററിൽ സ്ഥാപിച്ച 5 കെവി സൗരോർജ് പ്ലാൻറ് ഉദ്ഘാടനം

**കോൾ നിലങ്ങളിലെ ശാസ്ത്രീയ നെൽകൃഷിക്കായുള്ള പ്രോട്ടോകോൾ പ്രകാശനം**

കേരളത്തിന്റെ ഭക്ഷ്യസുരക്ഷയ്ക്ക് പ്രധാന പങ്കുവഹിക്കുന്ന കോൾ പാടങ്ങളിലെ നെൽകൃഷി ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനു സർവ്വകലാശാല ഗവേഷണ പദ്ധതിയുടെ ഭാഗമായി വികസിപ്പിച്ച പ്രോട്ടോകോൾ പ്രകാശനം

**കേരള കാർഷിക സർവകലാശാല ഗോൾഡൻ ജൂബിലി സുവനീർ പ്രകാശനം**

ഗോൾഡൻ ജൂബിലി പിന്നിട്ട കേരള കാർഷിക സർവകലാശാലയുടെ 50 വർഷത്തെ പ്രവർത്തനങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന




ഗോൾഡൻ ജൂബിലി സുവനീറിന്റെ പ്രകാശനം.

**വിജ്ഞാന വ്യാപന വിഭാഗത്തെ കുറിച്ചുള്ള വീഡിയോ പ്രകാശനം**

കാർഷിക സർവകലാശാലയുടെ നേട്ടങ്ങളും കാർഷികരംഗത്തെ നൂതന ആശയങ്ങളും കർഷകരിലേക്ക് എത്തിക്കുന്ന സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദീകരിക്കുന്ന ലഘു വീഡിയോയുടെ പ്രകാശനം

സർവകലാശാലയുടെ കോൺവൊക്കേഷൻ ചടങ്ങിനോടനുബന്ധിച്ച് നടത്തിയ വീഡിയോ ക്രിയേഷൻ, ഹാറ്റ്സ് ത്രോയിങ് ഫോട്ടോഗ്രാഫി മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനം ഈ പരിപാടിയിൽ വച്ച് നിർവഹിക്കുന്നതാണ്

## കാർഷിക സർവ്വകലാശാലയിൽ വിവിധ പദ്ധതികളുടെ ഉദ്ഘാടനം നടത്തി

കേരള കാർഷിക സർവകലാശാലയുടെ വിജ്ഞാന വ്യാപന ഡയറക്ടറേറ്റിനു കീഴിലുള്ള സ്ഥാപനങ്ങളിലെ വിവിധ പദ്ധതികളുടെ ഉദ്ഘാടനവും ഡോക്ടർ എം.എസ് സ്വാമിനാഥൻ അനുസ്മരണ സെമിനാറും മണ്ണുത്തി, കമ്മ്യൂണിക്കേഷൻ സെൻറർ ഹാളിൽ റവന്യൂ വകുപ്പ് മന്ത്രി അഡ്വ.കെ രാജൻ ഉദ്ഘാടനം ചെയ്തു.പട്ടിണിക്കെതിരായ യുദ്ധത്തിൽ ലോകത്തെയാകെ നയിച്ച പടനായകനായിരുന്ന ഡോക്ടർ എം.എസ് സ്വാമിനാഥൻ എന്ന് മന്ത്രി അഡ്വ.കെ രാജൻ ഉദ്ഘാടന പ്രസംഗത്തിൽ പറഞ്ഞു.

കാർഷിക സർവകലാശാല വൈസ് ചാൻസിലർ ഡോക്ടർ ബി അശോക് ഐ.എ.എസ് ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എം എസ് സ്വാമിനാഥൻ റിസർച്ച് ഫൗണ്ടേഷൻ ഡയറക്ടർ,ഡോ. ഷക്കീല വി, ഡോ. എം.എസ്.സ്വാമിനാഥൻ അനുസ്മരണ പ്രഭാഷണം നടത്തി.സർവ്വകലാശാല രജിസ്ട്രാർ ഡോ.സക്കീർ ഹുസൈൻ,വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ, ഗവേഷണ വിഭാഗം മേധാവി ഡോ.മധു സുബ്രഹ്മണ്യം, കമ്മ്യൂണിക്കേഷൻ സെന്റർ മേധാവി ഡോ.അനി എസ്.ദാസ് ഉടങ്ങിയവർ ചടങ്ങിൽ സംസാരിച്ചു.

കാർഷിക രംഗത്തെ നവീന ആശയങ്ങൾ കർഷകരിലേക്ക് എത്തിക്കുന്നതു ലക്ഷ്യമിട്ട് അഗ്രികൾച്ചറൽ ടെക്നോളജി ഇൻഫർമേഷൻ സെൻറർ, മണ്ണുത്തിയിൽ സ്ഥാപിച്ചിട്ടുള്ള ആധുനിക സജ്ജീകരണങ്ങളോടുകൂടിയ, സൗണ്ട് റെക്കോർഡിങ്ങും സാങ്കേതിക തികവോടുകൂടിയ വീഡിയോ നിർമാണവും സാധ്യമാക്കുന്നതിനു വേണ്ട ഷൂട്ടിംഗ് ഫ്ലോർ കം ഇൻട്രാക്ഷൻ ഹാൾ അടങ്ങിയ റെക്കോർഡിങ് ആൻഡ് എഡിറ്റിംഗ് സ്റ്റുഡിയോയുടെയും കർഷകർക്ക് മിതമായ ചിലവിൽ കാർഷിക വിളകൾ ഗുണനിലവാരമുള്ള മൂല്യവർദ്ധിത ഉല്പന്നങ്ങളാക്കി മാറ്റി വിപണിയിൽ എത്തിക്കുന്നതിന് സഹായിക്കുന്ന കമ്മ്യൂണിക്കേഷൻ സെന്ററിലെ ഡ്രയറുകളും പൾവറൈസറുകളും മറ്റു ആധുനിക യന്ത്രങ്ങളും ഉൾപ്പെടുത്തി നവീകരിച്ച ഭക്ഷ്യ സംസ്കരണ യൂണിറ്റും ഹരിത ഊർജ്ജ ഉൽപാദനം വഴി കാർഷിക സർവകലാശാലയെ ഊർജ്ജ സ്വയം പര്യാപ്തമാക്കുന്നതിനും അധികവൈദ്യുതി ഗ്രിഡിൽ നൽകി വരുമാനം നേടുന്നതും ലക്ഷ്യമിട്ട് സ്ഥാപിച്ച സൗരോർജ പ്ലാന്റും മന്ത്രി ഉദ്ഘാടനം ചെയ്തു.

കോൾ പാടങ്ങളിലെ നെൽകൃഷി ശാസ്ത്രീയമായ രീതിയിൽ നടപ്പിലാക്കുന്നതിനു സർവ്വകലാശാല വികസിപ്പിച്ച പ്രോട്ടോകോളിന്റെയും ഗോൾഡൻ ജൂബിലി പിന്നിട്ട കേരള കാർഷിക സർവകലാശാലയുടെ 50 വർഷത്തെ പ്രവർത്തനങ്ങൾ സമഗ്രമായി പ്രതിപാദിക്കുന്ന ഗോൾഡൻ ജൂബിലി സുവനീറിന്റെയും കാർഷിക സർവകലാശാലയുടെ നേട്ടങ്ങളും കാർഷികരംഗത്തെ നൂതന ആശയങ്ങളും കർഷകരിലേക്ക് എത്തിക്കുന്ന സർവകലാശാലയുടെ വിജ്ഞാന വ്യാപന വിഭാഗത്തിന് കീഴിലുള്ള സ്ഥാപനങ്ങളുടെ പ്രവർത്തനം വിശദീകരിക്കുന്ന ലഘു വീഡിയോയുടെയും സർവ്വകലാശാല പ്രസിദ്ധീകരണമായ കെ.എ. യു .ന്യൂസിന്റെയും പ്രകാശനവും ചടങ്ങിൽ മന്ത്രി നിർവ്വഹിച്ചു..

സർവകലാശാലയുടെ കോൺവൊക്കേഷൻ ചടങ്ങിനോടനുബന്ധിച്ച് നടത്തിയ അന്തർ സർവ്വകലാശാല വീഡിയോ ക്രിയേഷൻ കോണ്ടസ്റ്റ്, ഹാറ്റ്സ് ത്രോയിങ് ഫോട്ടോഗ്രാഫി മത്സരങ്ങളുടെ വിജയികൾക്കുള്ള സമ്മാനദാനവും പരിപാടിയിൽ വച്ച് നടത്തി.

# എ.എൻ.ആർ.പി.സി.യുടെ വാർഷികയോഗങ്ങൾക്ക് ഗുവാഹതിയിൽ തുടക്കം

റബ്ബറുത്പാദകരാജ്യങ്ങളുടെ അന്താരാഷ്ട്രസംഘടനയായ എ.എൻ.ആർ.പി.സി. (അസോസിയേഷൻ ഓഫ് നാച്ചുറൽ റബ്ബർ പൊഡ്യൂസിങ് കൺട്രീസ്)യുടെ 13-ാമത് രാജ്യാന്തരവാർഷിക റബ്ബർ സമ്മേളനം ഗുവാഹതിയിലെ ഹോട്ടൽ റാഡിസൺ ബ്ലൂ ഹോട്ടലിൽ നടന്ന ചടങ്ങിൽ വെച്ച് റബ്ബർബോർഡ് ചെയർമാൻ ഡോ. സവാർ ധനാനിയ ഉദ്ഘാടനം ചെയ്തു. റബ്ബർമേഖലയുമായി ബന്ധപ്പെട്ട പൊതുവിഷയങ്ങൾക്ക് പരിഹാരം കാണുന്നതിന് യോജിച്ച നയരൂപവത്കരണത്തിനായി എ.എൻ.ആർ.പി.സി. മുൻകൈ എടുക്കണമെന്ന് ഡോ. ധനാനിയ പറഞ്ഞു. റബ്ബർകൃഷിമേഖലയിലെ യന്ത്രവത്കരണം, സുസ്ഥിരവും പരിസ്ഥിതിസൗഹാർദ്രപരവുമായ കൃഷിരീതികൾ, ഉത്പാദന-ഉപഭോഗ ശ്രൃംഖലകളുടെ ശാക്തീകരണം, റബ്ബർതടിയുടെ മൂല്യവർദ്ധന തുടങ്ങിയ കാര്യങ്ങൾ പരമാവധി പ്രയോജനപ്പെടുത്തിയാൽ മാത്രമേ ആഗോളതലത്തിൽ കർഷകർക്ക് റബ്ബർകൃഷിയിൽ തുടരാൻ കഴിയൂ എന്ന് ഡോ. ധനാനിയ പറഞ്ഞു.

ഉദ്ഘാടനച്ചടങ്ങിൽ സ്വാഗതം ആശംസിച്ച റബ്ബർബോർഡ് എക്സിക്യൂട്ടീവ് ഡയറക്ടർ എം. വസന്തഗേശൻ ഐ.ആർ.എസ്. റബ്ബർമേഖലയിൽ ഇപ്പോൾ നിലനിൽക്കുന്ന പ്രശ്നങ്ങളെല്ലാം തന്നെ മറ്റ് റബ്ബറുത്പാദകരാജ്യങ്ങളിലും ഏറെക്കുറെ സമാനമായതിനാൽ റബ്ബർസമ്മേളനത്തിൽ നടക്കുന്ന ചർച്ചകൾ എല്ലാവർക്കും സ്വീകാര്യമായ പരിഹാരങ്ങൾ കണ്ടെത്താൻ സഹായിക്കുമെന്ന് പ്രത്യാശിക്കുന്നതായി പറഞ്ഞു. എ.എൻ.ആർ.പി.സി.യുടെ ചെയർമാനും മലേഷ്യൻ റബ്ബർബോർഡിന്റെ ഡയറക്ടർ ജനറലുമായ ദാത്തോ ഡോ. സരോയിസ്സാനി മൊഹമ്മദ് നോർ വാർഷിക റിപ്പോർട്ട് അവതരിപ്പിച്ചു. എ.എൻ.ആർ.പി.സി.-യുടെ സെക്രട്ടറി ജനറൽ റ്റോ ഹെങ് ഗുവാൻ നന്ദി പറഞ്ഞു.

റബ്ബർബോർഡിന്റെ വൈസ് ചെയർമാൻ ശ്രീ. കെ.എ. ഉണ്ണിക്കൃഷ്ണൻ, എക്സിക്യൂട്ടീവ് കമ്മിറ്റി അംഗം ശ്രീ. എൻ. ഹരി എന്നിവരും സമ്മേളനത്തിൽ സന്നിഹിതരായിരുന്നു.

റബ്ബർസമ്മേളനത്തിന്റെ പൊതുവിഷയം നാച്ചുറൽ റബ്ബർ ഇൻഡസ്ട്രി: ചലഞ്ചസ് ആന്റ് പോളിസി ഓപ്ഷൻസ് ഇൻ ദി 21 സെഞ്ചുറി എന്നതായിരുന്നു. തുടർന്ന് നടന്ന വിവിധ സെഷനുകളിലായി ഔട്ട്ലുക്ക് ഓഫ് നാച്ചുറൽ റബ്ബർ എന്ന വിഷയത്തിൽ എ.എൻ.ആർ.പി.സി. സെക്രട്ടറി ജനറൽ റ്റോ ഹെങ് ഗുവാൻ, ആസിയാൻസ് എഫോർട്സ് ഇൻ പ്രമോട്ടിങ് സസ്റ്റൈയിനബിലിറ്റി ആന്റ് സർക്കുലാർ ഇക്കോണമി ഇൻ അഗ്രിക്കൾച്ചർ സെക്ടർ ആന്റ് ഇറ്റ്സ് റിലവൻസ് റ്റു ദി റബ്ബർ സെക്ടർ എന്ന വിഷയത്തിൽ ആസിയാന്റെ അഗ്രിക്കൾച്ചറൽ അഡ്വൈസർ എറോൾ പെരേര, ചലഞ്ചസ് ആന്റ് ഓപ്പർച്ച്യൂണിറ്റീസ് ഫോർ എൻ.ആർ. സെക്ടർ ഇൻ ഇന്ത്യ: ഇൻസൈയ്റ്റ്സ് ഇൻ റ്റു ദി യുണിക്ക് ഇൻറോഡ് പ്രൊജക്ട്സ് ഇൻവോൾവിങ് എൻ.ആർ. പ്ലാന്റേഷൻ ഇൻ നോർത്ത് ഈസ്റ്റ് ഇന്ത്യ എന്ന വിഷയത്തിൽ ആട്ടോമോട്ടീവ് ടയർ മാനുഫാക്ച്ചറേഴ്സ് അസോസ്സിയേഷന്റെ ഡയറക്ടർ ജനറൽ




റബ്ബർബോർഡ് ചെയർമാൻ ഡോ. സവാർ ധനാനിയ എ.എൻ.ആർ.പി.സി.-യുടെ വാർഷിക റബ്ബർ സമ്മേളനം ഉദ്ഘാടനം ചെയ്യുന്നു. എം. വസന്തഗേശൻ ഐ.ആർ.എസ്. (എക്സിക്യൂട്ടീവ് ഡയറക്ടർ, റബ്ബർബോർഡ്), ദാത്തോ ഡോ. സരോയിസ്സാനി മൊഹമ്മദ് നോർ (ചെയർമാൻ, എ.എൻ.ആർ.പി.സി.), റ്റോ ഹെങ് ഗുവാൻ (സെക്രട്ടറി ജനറൽ, എ.എൻ.ആർ.പി.സി.) എന്നിവർ സമീപം (ഇടത്തുനിന്ന്).

രാജീവ് ബുധ്‌രാജയും ഹൗ സിക്കോം കാൻ ബി എ രിലയബിൾ പ്രൈസ് ഡിസ്‌ക്കവറി ഹബ് ഫോർ നാച്വറൽ റബ്ബർ എന്ന വിഷയത്തിൽ ഹ്വവാങ് ചുളിനും പ്രബന്ധങ്ങൾ അവതരിപ്പിച്ചു. സസ്റ്റൈയിനബിൾ എൻ.ആർ. സപ്ലൈ: ചലഞ്ചസ് ആന്റ് സൊല്യൂഷൻസ്, മെഷേഴ്‌സ് റ്റു ഇംപ്രൂവ് ദി എൻ.ആർ. പ്രൈസസ് ആന്റ് ഡിമാൻഡ്സ്: എക്സ്പീരിയൻസസ് എന്നീ വിഷയങ്ങളിൽ നടന്ന പാനൽചർച്ചകളിൽ യഥാക്രമം കേരളാ റബ്ബർ ലിമിറ്റഡിന്റെ ചെയർ പേഴ്സണും മാനേജിങ് ഡയറക്ടറുമായ ഷീല തോമസ് (ഐ.എ.എസ്-റിട്ട), ഇന്റർനാഷണൽ റബ്ബർ സ്റ്റഡി ഗ്രൂപ്പിന്റെ സെക്രട്ടറി ജനറൽ പ്രൊഫ. ജോസഫ് അഡലേഗാൻ എന്നിവർ മോഡറേറ്റർമാർ ആയിരുന്നു.

ഇന്ത്യ അടക്കം ബംഗ്ലാദേശ്, കമ്പോഡിയ, ചൈന, ഇന്തോനേഷ്യ, മലേഷ്യ, മ്യാൻമാർ, പപ്പു ന്യൂ ഗിനിയ, ഫിലിപ്പൈൻസ്, സിങ്കപ്പൂർ, ശ്രീലങ്ക, തായ്‌ലാൻഡ്, വിയറ്റ്നാം എന്നിങ്ങനെ 13 രാജ്യങ്ങളാണ് ഇപ്പോൾ എ.എൻ.ആർ.പി.സി.-യിൽ അംഗങ്ങളായിട്ടുള്ളത്. ജി. 20-യുടെ സൈഡ് മീറ്റിങ് കൂടി ആയി ഈ പരിപാടിയെ കേന്ദ്ര ഗവണ്മെന്റ് അംഗീകരിച്ചിട്ടുണ്ട്.

അന്താരാഷ്ട്ര കരാറുകൾ നിലവിൽ വന്ന ശേഷം റബ്ബർകൃഷിയുടെ ഗതിവിഗതികൾ എല്ലാ ഉത്പാദകരാജ്യങ്ങളിലും ഏറെക്കുറെ സമാനമാണ്. അതുപോലെ റബ്ബർമേഖലയിലെ പ്രതിസന്ധികളും എല്ലാ ഉത്പാദകരാജ്യങ്ങളും ഒരുമിച്ച് നേരിടേണ്ട സാഹചര്യമാണ് ഉള്ളത്. റബ്ബറിന്റെ കുറഞ്ഞ വില, വർദ്ധിച്ച കൂലിച്ചെലവ്, തൊഴിലാളിക്ഷാമം, രോഗങ്ങൾ, കാലാവസ്ഥാവ്യതിയാനം, പാരിസ്ഥിതിക പ്രശ്നങ്ങൾ തുടങ്ങിയവയെല്ലാം എല്ലാ രാജ്യങ്ങളും അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളാണ്. അതുകൊണ്ടു തന്നെ കൂട്ടായ ശ്രമങ്ങളിലൂടെ മാത്രമേ ഇവയ്ക്കെല്ലാം പരിഹാരം കാണാൻ കഴിയൂ. ഈ സാഹചര്യത്തിൽ അത്തരത്തിലുള്ള ചർച്ചകൾ ഉൾപെടുത്തിക്കൊണ്ട് എ.എൻ.ആർ.പി.സി. നടത്തുന്ന വാർഷികസമ്മേളനം റബ്ബർമേഖലയ്ക്ക് പ്രയോജനം ചെയ്യും.

പ്രകൃതിദത്തറബ്ബർമേഖലയുടെ മൊത്തത്തിലുള്ള വളർച്ചയാണ് എ.എൻ.ആർ.പി.സി. ലക്ഷ്യമിടുന്നത്. റബ്ബറുത്പാദകരാജ്യങ്ങളിലെ സാഹചര്യങ്ങൾ വിലയിരുത്തുകയും മേഖലയുമായി ബന്ധപ്പെട്ടു പ്രവർത്തിക്കുന്നവർ തമ്മിലുള്ള ആശയവിനിമയം സാധ്യമാക്കുകയും ചെയ്യുന്നതിൽ എ.എൻ.ആർ.പി.സിയ്ക്ക് വലിയ പങ്കുണ്ട്. ആനുവൽ റബ്ബർ കോൺഫറൻസ് പോലുള്ള പൊതുവേദികളിൽ നടക്കുന്ന ആശയവിനിമയങ്ങൾ മേഖലയ്ക്ക് ആവശ്യമായ നയരൂപവത്ക്കരണം സാധ്യമാക്കുന്നു. പ്രധാനമായി പരിഹാരം കാണേണ്ട കാര്യങ്ങളാണ് ഓരോ വർഷത്തെയും വാർഷിക യോഗങ്ങളിലെ ചർച്ചാവിഷയമായി തിരഞ്ഞെടുക്കാറുള്ളത്. കോവിഡ്, റഷ്യ-ഉക്രൈയിൻ യുദ്ധം എന്നിവയെ ത്തുടർന്ന് ആഗോളതലത്തിൽ ഉണ്ടായിരിക്കുന്ന മാന്ദ്യം ഇപ്പോഴും തുടരുകയാണ്. അതുകൊണ്ട് ഇത്തവണത്തെ തീം ആയ 'നാച്വറൽ റബ്ബർ ഇൻഡസ്ട്രി: ചലഞ്ചസ് ആന്റ് പോളിസി ഓപ്ഷൻസ് ഇൻ ദി 21-സ്റ്റ് സെഞ്ചുറി' എന്ന വിഷയത്തിന് പ്രത്യേക പ്രാധാന്യം ഉണ്ട്.

ഇന്ത്യയെ സംബന്ധിച്ചിടത്തോളം വികസനശ്രമങ്ങൾ വലിയതോതിൽ നടന്നുകൊണ്ടിരിക്കുന്ന സമയമാണ്. റബ്ബർ അടക്കമുള്ള എല്ലാ മേഖലകളിലും സ്വയം പര്യാപ്തതകൈവരിക്കുന്നതിനുള്ള ശ്രമത്തിലാണ് നാം. രാജ്യത്ത് ആവശ്യമുള്ള അത്രയും റബ്ബർ ഇവിടെ ഉത്പാദിപ്പിച്ചെടുക്കുന്നതിനുള്ള ശ്രമങ്ങളുടെ ഭാഗമായാണ് അസം അടക്കമുള്ള വടക്കുകിഴക്കൻ സംസ്ഥാനങ്ങളിൽ റബ്ബർകൃഷി വ്യാപിപ്പിക്കുന്നതിനായി ടയർ നിർമ്മാതാക്കളുടെ സംഘടനയായ ആത്മ -യുടെ സഹായത്തോടെ ഇൻറോഡ് എന്ന റബ്ബർകൃഷി വികസന പദ്ധതി നടപ്പാക്കി വരുന്നത്. റബ്ബർ കൃഷിയുമായി ബന്ധപ്പെട്ട് റബ്ബർ പരിപാലനം, ഗവേഷണം, പരിശീലനങ്ങൾ, വിപണനം തുടങ്ങിയ കാര്യങ്ങളിൽ റബ്ബറുത്പാദകരാജ്യങ്ങളിലുണ്ടായിട്ടുള്ള പുരോഗതി പരസ്പരം പങ്കുവെയ്ക്കുന്നതിന് ഈ സമ്മേളനം അവസരം ഒരുക്കും.

# പട്ടിക ജാതിവിഭാഗത്തിലെ കർഷകർക്കായി ശാസ്ത്രീയ പശുവളർത്തൽ പരിശീലനം ആരംഭിച്ചു

പട്ടികജാതി വിഭാഗത്തിൽപ്പെട്ട കർഷകർക്കായി ഭാരതീയ കാർഷിക ഗവേഷണ കൗൺസിലിന്റെ ധനസഹായത്തോടെ കേരളവെറ്ററിനറി ആൻഡ് ആനിമൽ സയൻസസ് സർവ്വകലാശാല നടപ്പാക്കുന്ന വിവിധ പദ്ധതികൾക്ക് പൂക്കോട് സർവ്വകലാശാലാ ആ സ്ഥാനത്ത് തുടക്കമായി. വയനാട് ജില്ലയിലെ പട്ടികജാതി വിഭാഗത്തിന്റെ ദാരിദ്ര്യ നിർമാർജ്ജനം, കന്നുകാലി വളർത്തലിൽ ശാസ്ത്രീയ അവബോധം സൃഷ്ടിക്കൽ, വിവിധ മേഖലകളിൽ നൈപുണ്യ പരിശീലനങ്ങൾ എന്നിവ പദ്ധതിയുടെ ഭാഗമായി തെരഞ്ഞെടുത്ത ഉപഭോക്താക്കൾക്ക് ഉറപ്പുവരുത്തും. നാല്പതോളം തെരഞ്ഞെടുത്തകർഷകർക്ക് സൗജന്യമായി കിടാരികളെ വിതരണം ചെയ്യുന്നതോടൊപ്പം, കാലിത്തീറ്റയും, അവശ്യ മരുന്നുകളും പദ്ധതി കാലയളവിൽ ഉറപ്പുവരുത്തും. യുവാക്കൾക്കായി മൃഗപരിപാലനവും, മൃഗചികിത്സാ മേഖലയുമായി ബന്ധപ്പെട്ട നൈപുണ്യ വികസനത്തിനായി വിവിധ പരിശീലനപരിപാടികളും, മത്സരപരീക്ഷകളിൽ പങ്കെടുക്കുന്നതിനാവശ്യമായ പരിശീലന പരിപാടികളും, യോഗപരിശീലനവും, സംസ്ഥാനത്തിനകത്തും പുറത്തുമുള്ള മാതൃകാ കന്നുകാലി ഫാമുകളിലേക്കുള്ള സന്ദർശനവും പദ്ധതിയുടെ ഭാഗമായി നടത്തും. ആകെ 40 ലക്ഷം രൂപയാണ് പദ്ധതി നിർവ്വഹണത്തിനായി നടപ്പുവർഷത്തിൽ ചെലവഴിക്കുന്നത്.

പദ്ധതിയുടെ ഔദ്യോഗിക ഉദ്ഘാടനം സർവ്വകലാശാലാ വൈസ് ചാൻസലർ പ്രൊഫ. (ഡോ.) എം.ആർ.ശശീന്ദ്രനാഥ് നിർവഹിച്ചു. പൂക്കോട് വെറ്ററിനറി കോളേജ്ഡീൻ




പ്രൊഫ. (ഡോ.) എം.കെ.നാരായണൻ അദ്ധ്യക്ഷത വഹിച്ചു. സർവ്വകലാശാലാ രജിസ്ട്രാർ പ്രൊഫ. (ഡോ.) സുധീർബാബുമുഖ്യപ്രഭാഷണവും, സംരംഭകത്വവിഭാഗം ഡയറക്ടർ പ്രൊഫ. (ഡോ.) രാജീവ് ടി.എസ്., കൽപ്പറ്റ ബ്ലോക്ക് പട്ടികജാതി വികസന ഓഫീസർ ശ്രീ നിർമ്മൽ എന്നിവർ ആശംസകളും, ഡോ.കാന്തനാഥൻ നന്ദിയും പറഞ്ഞു. പദ്ധതിയുടെ മുഖ്യ നിർവഹണ ഓഫീസർ ഡോ.സെന്തിൽ മുരുഗൻ പദ്ധതി നിർവഹണത്തെക്കുറിച്ച് യോഗത്തിൽ വിശദീകരിച്ചു.തുടർന്ന് ജില്ലയിലെ വിവിധ ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നും തെരഞ്ഞെടുത്ത ക്ഷീരകർഷകർക്കായി ശാസ്ത്രീയ കന്നുകാലി വളർത്തലിനെക്കുറിച്ചുള്ള പഞ്ചദിന പരിശീലന പരിപാടി ആരംഭിച്ചു.

# കേരള കാർഷിക സർവ്വകലാശാലയുടെ കീഴിലുള്ള വെള്ളാനിക്കര ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന ഇ – പഠന കേന്ദ്രം 'ക്രിയേറ്റീവ് സ്പാർക്ക്: എ ഡേ വിത്ത് സെൽ' എന്ന പരിപാടി സംഘടിപ്പിച്ചു

കേരള കാർഷിക സർവ്വകലാശാല വിജ്ഞാന വ്യാപന വിഭാഗം മേധാവി ഡോ.ജേക്കബ് ജോൺ അധ്യക്ഷത വഹിച്ച ചടങ്ങിൽ ഇ-പഠന കേന്ദ്രം മേധാവി ഡോ.ബി. അജിത്കുമാർ വിശിഷ്ടാതിഥികളെയും പങ്കെടുത്തവരേയും സ്വാഗതം ചെയ്തു. പ്രസ്തുത പരിപാടിയുടെ ഉദ്ഘാടനം കേരള കാർഷിക സർവ്വകലാശാല രജിസ്ട്രാർ ഡോ. എ.സക്കീർ ഹുസൈൻ നിർവ്വഹിച്ചു. വെള്ളാനിക്കര കാർഷിക കോളേജ് ഡീൻ ഡോ.മണി ചെല്ലപ്പൻ ആശംസകൾ നേർന്നു. ഇ-പഠന കേന്ദ്രം ഇൻസ്റ്റിറ്റ്യൂഷനൽ കോ-ഓർഡിനേറ്റർ ശ്രീമതി. സ്വപ്ന ടി.ആർ നന്ദി പ്രകാശിപ്പിച്ചു.




പ്രസ്തുത പരിപാടിയിൽ ഇ-പഠന കേന്ദ്രം മുൻ മേധാവിമാരായ ഡോ.അഹമ്മദ്.പി, ഡോ.എ.കെ.ഷെരീഫ്, ഡോ.എ.സക്കീർ ഹുസൈൻ, ഡോ .അനൂപ്.ഇ.വി എന്നിവരെ ആദരിച്ചു. പരിപാടിയിൽ "ഐ.ഒ.ടി കോൺസപ്റ്റ്സ് ഇൻ അഗ്രികൾച്ചർ" എന്ന വിഷയത്തിൽ തയ്യാറാക്കിയ പുതിയ മാസ്സീവ് ഓപ്പൺ ഓൺലൈൻ കോഴ്സ് (മൂക്ക് )പുറത്തിറക്കി. കേരള കാർഷിക സർവ്വകലാശാല ഇംഗ്ലീഷിൽ തയ്യാറാക്കുന്ന ആദ്യത്തെ MOOC കോഴ്സാണിത്. ഇ-പഠന കേന്ദ്രം നടപ്പിലാക്കി വരുന്ന വിവിധ മൂക്ക് കോഴ്സുകളുടെ ഓൺലൈൻ കോഴ്സ് മാന്വലുകളും ചടങ്ങിൽ പ്രകാശനം ചെയ്തു. കേരളത്തിലെ കോളേജ് വിദ്യാർത്ഥികൾക്കായി കാർഷിക മേഖലയിൽ ഒരു ഹ്രസ്വ ചിത്രം തയ്യാറാക്കുന്നതിനായി തിരക്കഥ രചന മത്സരവും പ്രഖ്യാപിച്ചു.

ഫോൺ : 0471 2317314, 2314358, 2318186, e-mail : piofibtvm@gmail.com, harithadalam@gmail.com
Published by Sreekala S., Principal Information Officer for Farm Information Bureau, Kowdiar P.O., Tvpm-3. Govt. of Kerala;
Editor: Dr. Binu Hariat Ivan., Design & Layout : Maya Santhosh